പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 486

01.07.2014-ലെ മറുപടിയ്ക്ക്

# റബ്ബർമാർക്കിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.റ്റി.എ.റഹീം<br>,, ഇ.പി.ജയരാജൻ<br>,, സി.കെ.സദാശിവൻ<br>,, കെ.ദാസൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) റബ്ബർമാർക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) റബ്ബർമാർക്കിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്. റബ്ബർമാർക്കുമായി ബന്ധപ്പെട്ട കൂടുന്ന ഉന്നതതല യോഗത്തിൽ റബ്ബർമാർക്ക് മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങളെ സംബന്ധിച്ച് വിശകലനം ചെയ്യുകയും സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നും എന്തു സഹായം നല്കുവാൻ കഴിയുമെന്ന് പരിശോധിച്ച് അപ്രകാരം നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (ബി) റബ്ബറിന്റെ വിലയിടിയുന്ന പശ്ചാത്തലത്തിൽ റബ്ബർമാർക്ക് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) റബ്ബറിന്റെ വിലയിടിയുന്ന പശ്ചാത്തലത്തിൽ റബ്ബർ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനായി റബ്ബർമാർക്ക് കർഷകർക്ക് ന്യായവില നൽകി റബ്ബർ വാങ്ങിക്കുകയും, സർക്കാരിന്റെ നിർദ്ദേശ പ്രകാരം 10.3.14 മുതൽ 31.3.2014 വരെ 109.7 ടൺ റബ്ബർ സംഭരിച്ചിട്ടുമുണ്ട്. റബ്ബർ മാർക്കിന്റെ സ്വന്തം ഫണ്ടിൽ നിന്നും 1.64 കോടി രൂപ ഇതിനായി മുതൽ മുടക്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) റബ്ബർമാർക്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിജിലൻസ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ